Break the Chain

കേരള സർക്കാർ

<u>സംഗ്രഹം</u>

പാർലമെന്ററികാര്യ വകുപ്പ് - മുൻ മന്ത്രിയും മുൻ നിയമസഭാംഗവുമായ ശ്രീ.പി. തിലോത്തമന് വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിലെ ചികിൽസയ്ക്കായി 10 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കുന്നതിന് ചട്ടങ്ങളിൽ ഇളവ് വരുത്തി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പാർലമെന്ററികാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം. 32/2021/പാ.കാ.വ തിരുവനന്തപുരം, തീയതി : 17/11/2021

---

പരാമർശം : 1. മുൻ നിയമസഭാംഗം ശ്രീ.പി. തിലോത്തമൻ 06.10.2021-ന് ബഹു. സ്പീക്കർ മുൻപാകെ സമർപ്പിച്ച നിവേദനം

2. നിയമസഭാ സെക്രട്ടറിയുടെ 16403/എം.എ.ജി.2/2021/നി.സെ നമ്പർ ഫയൽ

<u>ഉത്തരവ്</u>

മുൻ മന്ത്രിയും മുൻ നിയമസഭാംഗവുമായ ശ്രീ.പി. തിലോത്തമന് കാർഡിയാക്ക് അറസ്റ്റിനെ തുടർന്ന് ശ്വാസതടസ്സം ഉണ്ടായെന്നും വിദഗ്ധ ചികിത്സയ്ക്കായി വെല്ലൂരിലെ ക്രിസ്ത്യൻ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റിയെന്നും 10 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ആശുപത്രിയിൽ നിന്നും ലഭ്യമാക്കിയ അഡ്വൈസ് സർട്ടിഫിക്കറ്റ് സഹിതം ടിയാന്റെ അപേക്ഷ അനന്തര നടപടികൾക്കായി നിയമസഭാ സെക്രട്ടറി സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1988-ലെ ദ മെഡിക്കൽ അറ്റൻഡൻസ് ടു ദ എക്സ് മെമ്പേഴ്സ് ഓഫ് ദ ലെജിസ്ലേറ്റീവ് അസംബ്ലി റൂൾസ്-ലെ വ്യവസ്ഥകൾക്ക് വിധേയമായാണ് മുൻ നിയമസഭാംഗങ്ങൾക്ക് ചികിത്സാ ചെലവ് അനുവദിക്കുന്നത്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം മുൻ നിയമസഭാസാമാജികർക്ക് മെഡിക്കൽ അഡ്വാൻസ് അനുവദിക്കാൻ വ്യവസ്ഥയില്ല.

3. മേൽ സാഹചര്യത്തിൽ, മുൻ മന്ത്രിയും മുൻ നിയമസഭാംഗവുമായ ശ്രീ.പി. തിലോത്തമന് വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിലെ ചികിത്സയ്ക്കായി 10 ലക്ഷം രൂപ (പത്ത് ലക്ഷം രൂപ മാത്രം) മെഡിക്കൽ അഡ്വാൻസ് ആയി "2071-01-111-98-Medical Attendance Charges to State Legislators drawing Pension (or Ex-Members of the state Legislative Assembly)" എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കാൻ (6 മാസത്തിനകം അർഹമായ മെഡിക്കൽ റിഇംബേഴ്സ്മെന്റ് തുകയിൽ ക്രമപ്പെടുത്തി ബാക്കി തുക ഉള്ള പക്ഷം തിരിച്ചു പിടിക്കാനുള്ള നടപടികൾ നിയമസഭാ സെക്രട്ടറി സ്വീകരിക്കേണ്ടതാണെന്ന വ്യവസ്ഥയോടെ) അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. രാജു നാരായണ സ്വാമി**

**പ്രിൻസിപ്പൽ സെക്രട്ടറി**

ശ്രീ. പി. തിലോത്തമൻ, ഉഷസ്സ്, കുറുപ്പൻകുളങ്ങര പി.ഒ, ചേർത്തല

സെക്രട്ടറി കേരള നിയമസഭ (ആമുഖകത്ത് സഹിതം)

ധനകാര്യവകുപ്പ് (02/11/2021 തീയതിയിലെ 1891125/വ്യയം-ബി4/179/2021-ധന നമ്പർ കുറിപ്പ് പ്രകാരം)

വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sreekumary K

സെക്ഷൻ ഓഫീസർ

5639950/2021/OS-PAD

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-11-2021

ഫയൽ നം. പാ.കാ.വ.-എ2/92/2021-പാ.കാ.വ. ഇനം നം: 378

വിഷയം : പാർലമെന്ററികാര്യ വകുപ്പ് - ബഹു. മുൻ മന്ത്രിയും മുൻ നിയമസഭാംഗവുമായ ശ്രീ. പി. തിലോത്തമന് ചികിത്സയ്ക്കായി 10 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്.

GOVERNMENT OF KERALA

(SHRI. PINARAYI VIJAYAN MINISTRY)

NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1 | File number | : PAD-A2/92/2021-PAD |
| 2 | Department | : Parliamentary Affairs (A) Department |
| 3 | Subject | : Sanctioning Medical Advance of Rs. 10 Lakhs for the treatment of Sri. P. Thilothaman former minister and Ex-MLA - regarding |
| 4 | Date of Chief Minister's order for placing before the Council; | : 09.11.2021 |
| 5 | I) Does the case involve financial commitments/implications; | : i)Yes |
| | ii) if the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note; | : ii)Yes |
| 6 | Are any other Departments concerned with the case and if so have they been consulted and their remarks incorporated in the Note for the Council; | : No |
| 7 | Name of Additional Secretary who submitted the draft note; | : Sri. Bency J. |
| 8 | Name of the Principal Secretary who approved the draft note; | : Dr. Raju Narayana Swamy |
| 9 | Date of approval of the draft note for the Council by the Principal Secretary; | : 10.11.2021 |
| 10 | Name of the Chief Secretary who approved the draft note; | : Dr. V.P.Joy |
| 11 | Date of approval of the draft note for the council by the Chief Secretary; | : 11.11.2021 |
| 12 | Name of the Minister who approved the draft note; | : Sri. K. Radhakrishnan |
| 13 | Date of approval of the draft note for the council by the Minister; | : 11.11.2021 |
| 14 | Date of submission of fair copies; | : 15.11.2021 |
| 15 | Date of decision by the council of Ministers; | : |
| 16 | Number and date of Government Order/Letter communicating the decision; | : |

## Note for the Council of Ministers

This Note deals with the request of former Minister and Ex MLA Sri. P. Thilothaman for medical advance of Rs. 10 lakhs in relaxation of The Medical Attendance to the Ex Members of the Legislative Assembly Rules, 1988.

2. The Secretary, Kerala Legislature forwarded a request from Sri. P. Thilothaman Ex-MLA and former minister for sanction of Medical advance of Rs. 10 lakhs for treatment in Christian Medical College Vellore wherein he has been admitted following cardiac arrest and breathing difficulties. Advice certificate from the hospital has also been produced along with the application.

3. Ex-Members of the Legislative Assembly are entitled to medical assistance as per the conditions laid down in the Medical Attendance to the Ex-Members of Legislative Assembly, Rules 1988. There is no provision to sanction Medical Advance to Ex-MLAs as per the said rules.

4. In the above circumstance the opinion of Finance Department was sought on sanctioning Medical Advance of Rs. 10 lakh to Sri. P.Thilothaman Ex-MLA for his treatment, and that department remarked as follows:

> The Medical Attendance to the Ex-Members of the Legislative Assembly Rules, 1988 പ്രകാരം മുൻ നിയമസഭാംഗങ്ങൾക്ക് മെഡിക്കൽ റിഇംപേഴ്സ് മെന്റിന് അർഹത ഉണ്ടെങ്കിലും മെഡിക്കൽ അഡ്വാൻസ് അനുവദിക്കാൻ വ്യവസ്ഥ ഇല്ല. അഡ്വാൻസ് അനുവദിക്കുന്ന പക്ഷം പ്രസ്തുത ബാധ്യത ഈടാക്കാൻ മാർഗ്ഗമില്ലാത്തതുകൊണ്ടാണ് മുൻ നിയമസഭാംഗങ്ങൾക്ക് അഡ്വാൻസ് അനുവദിക്കാൻ കഴിയാത്തത്. ഈ സാഹചര്യത്തിൽ 10 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കണമെന്ന ബഹു. മുൻമന്ത്രിയും നിയമസഭാംഗവുമായിരുന്ന ശ്രീ. പി. തിലോത്തമന്റെ അപേക്ഷ ചട്ടപ്രകാരം അനുവദിക്കാൻ കഴിയുന്നതല്ല എന്ന വിവരം ഭരണ വകുപ്പിനെ അറിയിക്കുന്നു.

5. Ex-MLAs Sri. Kalathil Abdulla, Sri. K.K. Ramachandran Master, Sri. Nanu Master, Sri. Satheesh Chandran, Sri. M.Narayanan, Sri.V.J.Joseph, Sri. P. Sreeramakrishnan etc. were granted Medical Advance on the basis of decision of the Council of Ministers. In most cases the said decision has been taken in consonance with the remarks of Finance Department.

6. Hon'ble Chief Minister has ordered to place the matter before the Council of Ministers.

## Point for Decision

Whether Medical Advance of Rs. 10,00,000/- (Rupees Ten Lakhs only) from the head of Account "2071-01-111-98-MEDICAL ATTENDANCE CHARGES TO STATE LEGISLATORS DRAWING PENSION (OR EX-MEMBERS OF THE STATE LEGISLATIVE ASSEMBLY)' (subject to the condition that the advance will be regularised within 6 months against eligible medical re-imbursement claims and that steps will be taken by the Secretary, Legislature to recover balance if any) may be sanctioned to Sri.P.Thilothaman Ex-MLA and former minister for treatment in Christian Medical College Vellore by overrulling the remarks of Finance department?

378

കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | പാ.കാ.വ-എ 2/92/2021-പാ.കാ.വ |
| 2 | വകുപ്പ് | : | പാർലമെന്ററികാര്യ (എ) വകുപ്പ് |
| 3 | വിഷയം | : | ബഹു. മുൻ മന്ത്രിയും മുൻ നിയമസഭാംഗവുമായ ശ്രീ. പി. തിലോത്തമന് ചികിത്സയ്ക്കായി 10 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കുന്നത് - സംബ |
| 4 | മന്ത്രിസഭാ യോഗത്തിനു സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി; | : | 09.11.2021 |
| 5 | (I)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | i)അതെ<br>ii)ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്; | : | ശ്രീ. ബെൻസി ജെ. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര്; | : | ഡോ. രാജു നാരായണ സ്വാമി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി; | : | 10.11.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്; | : | ഡോ. വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 11.11.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്; | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി; | : | 11.11.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി; | : | 15.11.2021 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി; | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും; | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. മുൻ മന്ത്രിയും മുൻ നിയമസഭാംഗവുമായ ശ്രീ. പി. തിലോത്തമന് The Medical Attendance to the Ex-Members of the Legislative Assembly Rules, 1988-ൽ ഇളവു വരുത്തി 10 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കണമെന്ന അപേക്ഷ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കാർഡിയാക്ക് അറസ്റ്റിനെ തുടർന്ന് ശ്വാസതടസ്സം ഉണ്ടാകുകയും വിദഗ്ധ ചികിത്സയ്ക്കായി വെല്ലൂരിലെ ക്രിസ്ത്യൻ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റിയെന്നും 10 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കണമെന്നും ബഹു. മുൻ മന്ത്രിയും മുൻ നിയമസഭാംഗവുമായ ശ്രീ. പി. തിലോത്തമന്റെ അപേക്ഷ ആശുപത്രിയിൽ നിന്നും ലഭ്യമാക്കിയ അഡ്വൈസ് സർട്ടിഫിക്കറ്റ് സഹിതം അനന്തര നടപടികൾക്കായി നിയമസഭാ സെക്രട്ടറി സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

3. The Medical Attendance to the Ex-Members of the Legislative Assembly Rules, 1988-ലെ വ്യവസ്ഥകൾക്ക് വിധേയമായാണ് മുൻ നിയമസഭാംഗങ്ങൾക്ക് ചികിത്സാ ചെലവ് അനുവദിക്കുന്നത്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം മുൻ നിയമസഭാ സാമാജികർക്ക് മെഡിക്കൽ അഡ്വാൻസ് അനുവദിക്കാൻ വ്യവസ്ഥയില്ല.

4. മേൽ സാഹചര്യത്തിൽ ബഹു. മുൻ മന്ത്രിയും മുൻ നിയമസഭാംഗവുമായ ശ്രീ. പി. തിലോത്തമന് ചികിത്സയ്ക്കായി 10 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ ആ വകുപ്പ് താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

> The Medical Attendance to the Ex-Members of the Legislative Assembly Rules, 1988 പ്രകാരം മുൻ നിയമസഭാംഗങ്ങൾക്ക് മെഡിക്കൽ റിഇംപേഴ്സ് മെന്റിന് അർഹത ഉണ്ടെങ്കിലും മെഡിക്കൽ അഡ്വാൻസ് അനുവദിക്കാൻ വ്യവസ്ഥ ഇല്ല. അഡ്വാൻസ് അനുവദിക്കുന്ന പക്ഷം പ്രസ്തുത ബാധ്യത ഈടാക്കാൻ മാർഗ്ഗമില്ലാത്തതുകൊണ്ടാണ് മുൻ നിയമസഭാംഗങ്ങൾക്ക് അഡ്വാൻസ് അനുവദിക്കാൻ കഴിയാത്തത്. ഈ സാഹചര്യത്തിൽ 10 ലക്ഷം രൂപ മെഡിക്കൽ അഡ്വാൻസ് അനുവദിക്കണമെന്ന ബഹു. മുൻമന്ത്രിയും നിയമസഭാംഗവുമായിരുന്ന ശ്രീ. പി. തിലോത്തമന്റെ അപേക്ഷ ചട്ടപ്രകാരം അനുവദിക്കാൻ കഴിയുന്നതല്ല എന്ന വിവരം ഭരണ വകുപ്പിനെ അറിയിക്കുന്നു.

5. മുൻ എം.എൽ.എ.മാരായ ശ്രീ. കളത്തിൽ അബ്ദുള്ള, ശ്രീ. കെ.കെ.രാമചന്ദ്രൻ മാസ്റ്റർ, ശ്രീ. നാണു മാസ്റ്റർ, ശ്രീ. വി.കെ.ബാബു, ശ്രീ. സതീഷ് ചന്ദ്രൻ, ശ്രീ. എം. നാരായണൻ, ശ്രീ. വി.ജെ. ജോസഫ്, ശ്രീ. പി. ശ്രീരാമകൃഷ്ണൻ തുടങ്ങിയവർക്ക് മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. മിക്ക കേസുകളിലും ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന് അനുസൃതമായാണ് പ്രസ്തുത തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുള്ളത്.

6. ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

ബഹു. മുൻ മന്ത്രിയും മുൻ നിയമസഭാംഗവുമായ ശ്രീ. പി. തിലോത്തമന് വെല്ലൂർ ക്രിസ്റ്റ്യൻ മെഡിക്കൽ കോളേജിലെ ചികിത്സയ്ക്കായി 10 ലക്ഷം രൂപ (പത്തു ലക്ഷം രൂപ മാത്രം) '2071-01-111-98-MEDICAL ATTENDANCE CHARGES TO STATE LEGISLATORS DRAWING PENSION (OR EX-MEMBERS OF THE STATE LEGISLATIVE ASSEMBLY)' എന്ന ശീർഷകത്തിൽ നിന്നും ( 6 മാസത്തിനകം അർഹമായ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് തുകയിൽ ക്രമപ്പെടുത്തി ബാക്കി തുക ഉള്ളപക്ഷം തിരിച്ചുപിടിക്കാനുള്ള നടപടികൾ നിയമസഭാ സെക്രട്ടറി സ്വീകരിക്കേണ്ടതാണെന്ന വ്യവസ്ഥയോടെ) ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നുകൊണ്ട് മെഡിക്കൽ അഡ്വാൻസായി അനുവദിക്കാമോ?